Janayugom 11.12.17

# രാജ്യത്തെ ആദ്യത്തെ കാർഷിക ഹൈപ്പർ ബസാർ തൃശൂരിൽ

തൃശൂർ: ഇന്ത്യയിൽ ആദ്യമായി കാർഷിക മേഖലയിൽ 'കേരള ശ്രീ' എന്ന പേരിൽ അഗ്രോ ഹൈപ്പർ ബസാർ തൃശൂരിൽ ആരംഭിക്കുന്നു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഈ സംരംഭം. ചെമ്പൂക്കാവ് മ്യൂസിയം റോഡിലുള്ള കാർഷിക സമുച്ചയത്തിൽ താഴത്തെ നിലയിലും, ഒന്നാം നിലയിലുമാണ് അഗ്രോ ഹൈപ്പർ ബസാർ സജ്ജീകരിക്കുന്നത്. കൃഷി മന്ത്രി മന്ത്രി വി എസ് സുനിൽ കുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ 16 ന് രാവിലെ 10 മണിക്ക് ഹൈപ്പർ മാർക്കറ്റ് ഉദ്ഘാടനം നിർവ്വഹിക്കും.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് കേരള ഹൈപ്പർ മാർക്കറ്റിന്റെ നടത്തിപ്പു ചുമതല. കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലും സമാനമായ ഹൈപ്പർ ബസാറുകൾ ഉടനെ തുടങ്ങും. കേരളസർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉത്പന്നങ്ങൾക്കു പുറമേ തമിഴ്നാട്, ഹിമാചൽപ്രദേശ്, കശ്മീർ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ ഉത്പന്നങ്ങൾ ഹൈപ്പർ ബസാറിൽ സജ്ജമാക്കിട്ടുണ്ട്.

ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ പ്രഫ.സി രവീന്ദ്രനാഥ്, എ സി മൊയ്തീൻ, എംപിമാർ, എംഎൽഎമാർ, മേയർ തുടങ്ങിയവരും രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക നേതാക്കളും പങ്കെടുക്കും. കാർഷിക മേഖലക്കു ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും വിത്തുകളും മീറ്റ് പ്രോഡക്ട് ഒഫ് ഇന്ത്യയുടെ ഉൽപന്നങ്ങളും കേരഫെഡിന്റെ ഉൽപ്പന്നങ്ങളും കേരളശ്രീ ഹൈപ്പർ ബസാറിൽ ലഭ്യമാകുമെന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.